പോലീസ് സേനയുടെ വിപുലീകരണം

399. [508] ശ്രീ. കെ. കെ. തോമസ് :
,, ജി. കാർത്തികേയൻ :
,, പന്തളം സുധാകരൻ :
,, ജോസ് കുറ്റിയാനി :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയെ ഏതെല്ലാം വിഭാഗങ്ങളിലാണ് തരംതിരിച്ചിരിക്കുന്നത് ;

(ബി) എല്ലാ വിഭാഗങ്ങളിലും കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പോലീസ് സേന വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പോലീസ് സേനയിൽ പി. എസ്. സി. സെലക്ഷൻ കഴിഞ്ഞും ടെസ്റ്റ് കഴിഞ്ഞതുമായ എത്ര ഒഴിവുകൾ നികത്തുവാനുണ്ട് ;

(ഡി) ഈ നിയമനം നടത്തുന്നതിന് കാലതാമസം വരുത്തുന്നത് എന്തുകൊണ്ട് ?

ഉത്തരം

(എ) ജില്ലാ സായുധസേന ലോക്കൽ പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നിങ്ങനെ മൂന്നു വിഭാഗമായി തരംതിരിച്ചിരിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിക്കാനുപാതികമായി എല്ലാ വിഭാഗത്തിലും കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പോലീസ് സേന വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ജില്ലാ സായുധസേനയിൽ 1890-ം ആംഡ് പോലീസ് ബറ്റാലിയനിൽ 2000 ഒഴിവുകളും ഉണ്ട്.

(ഡി) പോലീസ് സേനയിലേക്കുള്ള നിയമനം പബ്ലിക് സർവീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. പി. എസ്. സി. യിൽനിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

പോലീസ് ഐ. ജി. മാർ

400. [509] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പോലീസ് വകുപ്പിൽ ഡയറക്ടർ ജനറൽ, ഇൻസ്പെക്ടർ ജനറൽ, ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എന്നീ കേഡറുകളിൽ എത്ര പേർ വീതമുണ്ടായിരുന്നു :

(ബി) ഇപ്പോൾ എത്ര വീതമാണുള്ളത് ;

(സി) ഇതിൽ മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്നവർ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡയറക്ടർ ജനറൽ —2
ഇൻസ്പെക്ടർ ജനറൽ —5
ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ—20

(ബി ആൻഡ് സി) ഡയറക്ടർ ജനറൽ — 3
ഇൻസ്പെക്ടർ ജനറൽ — 7
ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ— 11

കൂടാതെ ഇൻസ്പെക്ടർ ജനറൽ ഗ്രേഡിലുള്ള രണ്ടുപേരും ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഗ്രേഡിലുള്ള അഞ്ചു പേരും മറ്റു വകുപ്പുകളിലും, ഡയറക്ടർ ജനറൽ ഗ്രേഡിലുള്ള ഒരാളും ഇൻസ്പെക്ടർ ജനറൽ ഗ്രേഡിലുള്ള മൂന്നു പേരും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നു.

പോലീസുകാരുടെ ശമ്പള വർദ്ധനവ്

401. [510] ശ്രീ. ഫ്രാൻസിസ് നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പുതുക്കിക്കൊടുത്ത ശമ്പള വർദ്ധനവ് സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാർക്കും നൽകാൻ നടപടി എടുക്കുമോ ?

ഉത്തരം

അത്തരം നടപടി ഒന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല.

സരസൻ കേസിനത്തിൽ ഗവൺമെൻറിന് ചെലവായ തുക

402. [512] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സരസൻ കേസിനത്തിൽ ഗവൺമെൻറിന് ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സരസൻ കേസിനത്തിൽ തെക്കൻ കർണ്ണാടകത്തിലേയ്ക്കു പോകുന്നതിനും ആവശ്യത്തിലേക്കായി സർക്കാരിനു 2,000 രൂപ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെയും മന്ത്രിമാരെ അനുഗമിച്ചവരുടേയും വാഹനങ്ങൾ ഇടിച്ച് പരിക്കുപറ്റിയവർ

403. [513] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെയും അവരെ അനുഗമിച്ച ഉദ്യോഗസ്ഥൻമാരുടെയും വാഹനങ്ങൾ ഇടിച്ചതുമൂലം സംസ്ഥാനത്തൊട്ടാകെ എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ പരിക്കുപറ്റിയവരിൽ ഇപ്പോഴും ചികിൽസയിൽ കഴിയുന്നവരെത്ര ;

(സി) ഇവരുടെ ചികിൽസക്കായി ഗവൺമെൻറ് എന്തെങ്കിലും സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതെത്ര ?

LIBRARY ARCHIVES Kerala Legislative Assembly